DESPATCHED
On 02/08/21

28/7/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 494(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4892/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂലൈ 28

ശ്രീ. ജേക്കബ് മാത്യു,
വടക്കേൽ വീട്,
വടക്കോട് പി.ഒ.,
കങ്ങരപ്പടി,
ഈസ്റ്റ് എൻഡ് കൊച്ചി – 682 021.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   ഇലക്ട്രിക്കൽ സെക്ഷൻ,
   കെ.എസ്.ഇ.ബി., തേവയ്ക്കൽ.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കളമശ്ശേരി,
   കെ.എസ്.ഇ.ബി., എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.1.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.1.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.2.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 13.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.5.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 23.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജേക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയൻ 15.12.2021 ന് നൽകിയ അപേക്ഷയ്ക്ക് 14.1.2021 ന് തയ്യാറാക്കിയ മറുപടി 16.1.2021 നാണ് പോസ്റ്റ് ചെയ്തതെന്നു 15.1.2021 ന് നൽകിയ ഒന്നാം അപ്പീലിന് 10.2.2021–ന് നൽകിയ മറുപടിയിൽ തേവയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ എസ്.പി.ഐ.ഒ 14.1.2021 ന് മറുപടി നൽകിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയതെന്നും, മറുപടി നൽകുവാൻ കാലതാമസം ഉണ്ടാക്കിയവർക്കെതിരെയും ആയതിന് കൂട്ടുനിന്ന ഒന്നാം അപ്പീൽ അധികാരിയ്ക്കെതിരെയും നിയമ നടപടി സ്വീകരിക്കണമെന്നും, തന്റെ അപേക്ഷയ്ക്ക് തക്കതായ മറുപടി ലഭ്യമാക്കി തരണമെന്നുമാണ്.

2. 15.12.2020–ന് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

i) തേവയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർ എന്ന ഓഫീസറുടെ പരിധി ഏത് സ്ഥലം തുടങ്ങി ഏത് സ്ഥലം വരെ എന്നും നാല് അതിരുകൾ എത്ര കിലോമീറ്റർ എന്നും ഏതൊക്കെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ പഞ്ചായത്തുകൾ ഉൾപ്പെടുമെന്നും

ii) തേവയ്ക്കൽ ഇലക്ട്രിക്കൽ പരിധിയിൽ എത്ര ട്രാൻസ്ഫോർമർ ഉണ്ടെന്നും എവിടെ എല്ലാം എന്നും, ട്രാൻസ്ഫോർമറുകൾക്ക് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ പേരുകൾ വല്ലതും കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പേരുകൾ ഏതെല്ലാം എന്നും

iii) തേവയ്ക്കൽ സെക്ഷൻ സ്ഥാപിച്ച വർഷം ഏതെന്നും അന്നു മുതൽ ഇന്നു വരെ ട്രാൻസ്ഫോർമറുകൾ എത്ര എണ്ണം മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം എന്നും തീയതി വച്ചുള്ള കണക്കുകൾ നൽകണമെന്നും ആയതിൽ എത്ര എണ്ണം ചറ്റുമതിൽ (ഇരുമ്പ് കൊണ്ടുള്ളവ) കെട്ടി സംരക്ഷിക്കുന്നു എന്നും, എവിടെയെല്ലാം എന്നും, ട്രാൻസ്ഫോർമാരുടെ പേര്, സ്ഥലം എന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പ്രസ്തുത അപേക്ഷയ്ക്ക് 14.01.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.1.2021 ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടത് 15.12.2020–ന് നൽകിയ വിവരാവകാശ

അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ്. ടി അപ്പീലിന് 10.2.2021–ന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14.1.2021–ന് മറുപടി നൽകിയിട്ടുണ്ടെന്നാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾക്കെല്ലാം നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകന്റെ 15.12.2020 തീയതിയിലെ അപേക്ഷയ്ക്കുള്ള മറുപടി 14.1.2021 തീയതിയ്ക്ക് നൽകിയിട്ടുള്ളതാണെന്നും 15.1.2021–ൽ അപേക്ഷകൻ ഒന്നാം അപ്പീൽ അധികാരിക്ക് അപ്പീൽ നൽകിയതായി പറയുന്നുണ്ടെന്നും ആയതുകൊണ്ടു തന്നെ മറുപടി അപേക്ഷകന് യഥാസമയം തന്നെ ലഭിച്ചിട്ടുണ്ടെന്നു അനുമാനിക്കുന്നു എന്നും മറ്റുമാണ്.

6. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, 15.12.2020–ലെ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 30 ദിവസത്തിനകം മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് നൽകിയ അപ്പീലപേക്ഷയ്ക്ക് 30 ദിവസത്തിനകം തന്നെ അപ്പലേറ്റ് അതോറിറ്റിയും മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളിൽ എന്തെങ്കിലും നേട്ടം സമൂഹത്തിനോ വ്യക്തിക്കോ ഇക്കാര്യത്തിൽ ഉള്ളതായി കാണുവാൻ സാധിക്കുന്നില്ലെന്നും ഇടപ്പള്ളി ടോൾ ജംഗ്ഷന് വടക്ക് പടിഞ്ഞാറ് വശമായി പഴയ നാഷണൽ ഹൈവേ 47–ന് അഭിമുഖമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മുൻഭാഗത്തെ തെക്ക് വശത്തെ അതിർത്തിയിൽ നാഷണൽ ഹൈവേ സ്ഥലത്ത് ഒരു പോസ്റ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അപേക്ഷകന് ആനുകൂല്യം ലഭിക്കുന്നതിനായി തേവയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് ശ്രമം നടത്തുകയും എന്നാൽ ഇക്കാര്യത്തിൽ നിയമപരമായുള്ള നടപടി, ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് തുകയടച്ച് ജോലി ചെയ്താൽ മാത്രമേ സാധിക്കുകയുള്ളു എന്ന് നേരിട്ട് അറിയിച്ചതിൽ അസന്തുഷ്ടനായി അപേക്ഷകൻ നിരന്തരമായി വിവരാവകാശ നിയമത്തെ തന്നെ ചോദ്യം ചെയ്യുന്ന വിധത്തിൽ വിവിധ തലങ്ങളിൽ പരാതി നൽകികൊണ്ടിരിക്കുകയാണെന്നും മറ്റുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ടിയാന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും വികലമായ മറുപടിയാണ് നൽകിയതെന്നതുമാണ് ഹർജിക്കാരന്റെ

ആക്ഷേപം എന്നു കാണുന്നു. എന്നാൽ എപ്രകാരമുള്ള വികലമായ മറുപടിയാണ് നൽകിയയെന്നതിൽ യാതൊന്നും അപ്പീൽ ഹർജിയിൽ പരാമർശിച്ചതായി കാണുന്നില്ല. എന്നാൽ14.1.2021 ലെ മറുപടി അന്നേ ദിവസം തന്നെ ഡെസ്പാച്ച് ചെയ്തിരുന്നോ എന്ന് തെളിയിക്കുന്നതിനായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടതിൻ പ്രകാരം ആയത് ഒന്നാം എതിർകക്ഷി അന്നേ ദിവസം ഇ-മെയിൽ മുഖേന ഹാജരാക്കിയിട്ടുള്ളതും ആയത് പരിശോധിച്ചതിൽ 14.1.2021 ന് തന്നെ മറുപടി ഡെസ്പാച്ച് ചെയ്തിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കാണുന്നില്ല. എന്നിരുന്നാലും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാന് മറുപടി തയ്യാറാക്കി നൽകുവാൻ ആധാരമാക്കിയ ലഭ്യമായ ഫയലുകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനും ഒന്നാം എതിർകക്ഷി ഹർജിക്കാരനെ അനുവദിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ജൂലൈ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk